FOR GOD & COUNTRY

SACRED HEART HIGHER SECONDARY SCHOOL

DWARAKA

little KITEs

# HEART CONVERSE 2K20



# Sacred Heart HSS Dwaraka

dwarakashs@gmail.com

little kite unit

2019-2020



ദ്വാരക

സേക്രഡ് ഹാർട്ട്  ഹയർ സെക്കന്ററിയുടെ അഭിമാനമായ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പരിശ്രമതിലൂടെ തയാറാക്കിയ വ്യത്യസ്ഥ കലാസൃഷ്ടികൾക്ക് എല്ലാ വിദ്യാർത്ഥികളുടെ മനസ്സിനെ അറിവുകൾ കൊണ്ട് നിറക്കുവാനും ജീവിത വിജയത്തിന്റെ പാഠങ്ങൾ  പഠിപ്പിയ്ക്കുവാനും സാധിയ്ക്കട്ടെ.

എന്ന്

ഷൈമ ടീച്ചർ

(പ്രിൻസിപ്പാൾ)



സാങ്കേതികതിം ചലനാത്മകവും വികസ്വരവുമായ വിജ്ഞാന ഭണ്ഡാകാരമാണ്.ഭാവിയിലേക്ക്നോക്കു പുരോഗമനപരമായ സമൂഹത്തിൽ സാങ്കേതിക വിദ്യാഭാസം കുട്ടികളെ ഉന്നതയിലേക്ക് നയിക്കുന്നു.ലിറ്റിൽ കൈറ്റസ് പ്രവർത്തനങ്ങൾ കുട്ടികളെ നൂതന സാകേതിക വിദ്യയിൽ പരിജ്ഞാന മുള്ളവരും പ്രവർത്തനോന്മുഖ-വുമാക്കി മാറ്റുന്നു.

നമ്മുടെ സ്കൂളിൽ നടന്നു വരുന്ന ലിറ്റി-ൽ കൈറ്റ്സ് പദ്ധതിയിലൂടെ കുട്ടികൾ വിവിധ പ്രവർത്തനങ്ങൾ ചെയ്ത് വരുന്നു. ഇവർ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ അതിന് ഉദാഹരണമാണ് കൈറ്റ്സ് മാസ്റ്റർ ജോജേസാറിന്റെയും മാസ്റ്റട്രസ് ലീമ സിസ്റ്ററിന്റെയും എല്ലാഅംഗണങ്ങളുടെയും ഈ നല്ല ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു



**'Heart Converse'**

**ഡിജിറ്റൽ മാഗസിൻ എന്ന സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്ന**

**ഫാദർ സേവ്യർ അയലൂക്കാരൻ O. Praem**

**(മാനേജർ സേക്രഡ് ഹാർട്ട് എച്ച്എസ്എസ് ദ്വാരക)**

# EDITORIAL BOARD



# സ്കൂൾ ചരിത്രം

വയനാടിന്റെ ഭൂപടത്തിൽ മാനന്തവാടിയിൽ നിന്നും 6 കിലോമീറ്റർ അകലെയായി, കോഴിക്കോട് റോഡിൽ വടക്കെ വയനാടിന്റെ സാംസ്കാരിക കേന്ദ്രമായ ദ്വാരക പ്രദേശം അടയാളപ്പെടുത്തിയിരിക്കുന്നു. തോണിച്ചാൽ, നാലാം മൈൽ പ്രദേശത്തിനിടയിലായി ദ്വാരക ടൗണിൽ നിന്നും 500 മീറ്റർ കിഴക്ക് മാറി വിദ്യയുടെ അമൃത് ആവോളം പകർന്ന് ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ എന്ന കലാക്ഷേത്രം നിലകൊള്ളുന്നത്.

വയനാടിന്റെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ സുവർണ്ണ നക്ഷത്രമായി ഇപ്പോൾ വിരാജിക്കുന്ന ഈ പ്രദേശത്തിൽ വികസനത്തിന്റെ വെളിച്ചം കടന്നു വന്നിട്ടില്ലാത്ത കാലം. റോഡോ, വാഹന സൗകര്യങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ഈ പ്രദേശത്തിന്റെ അധികാരം കരിങ്ങാട്ടിരി തറവാട്ടിലെ പ്രഗദ്ഭനായ സി.കെ.നാരായണൻ നായർക്കായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് '*വയനാട്*' ഓരോ ദേശത്തിന്റെയും ഭരണാധികാരികളായ നാട്ടുവാഴിയുടെ അധികാരത്തിൻ കീഴിലായിരുന്നു. അങ്ങനെയാണ് സി.കെ നാരായണൻ നായർ ഈ പ്രദേശത്തിന്റെ അധികാരിയായി മാറിയത്. 1953-ൽ ഒരു എൽപി സ്കൂൾ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ വീട്ടുപേര് ചേർത്ത് ദ്വാരക എൽപി സ്കൂൾ എന്നായിരുന്നു സ്കൂളിന്റെ പേര്. ഈ പ്രദേശത്തിന്റെ വികസന പാതയിൽ ക്രമേണ അത് ദ്വാരകയെന്ന സ്ഥലനാമമായി പരിണമിച്ചു.

1982 വരെയും ഈ സ്കൂൾ മാത്രമായിരുന്നു ദ്വാരകയുടെ വെളിച്ചം. അഞ്ചുകുന്ന്, കാരയ്ക്കാമല, കാപ്പുംകുന്ന്, കൊമ്മയാട്, ദ്വാരക, പീച്ചംകോട് തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിനായി കിലോമീറ്ററുകൾ താണ്ടേണ്ടതായി വന്നു. ഈ പശ്ചാത്തലത്തിൽ അറിവിന്റെ പൊൻതിരിയിട്ട ഒരു ഹൈസ്കൂൾ ദ്വാരകയിൽ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് കാന്തദർശിയും, വിദ്യാഭ്യാസ വീക്ഷണവും, ആദർശധീരനുമായ റവ. ഫാ. മാത്യു കാട്ടടിയാണ്. ചങ്ങനാശ്ശേരി അതിരൂപതയിലെ സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ മാനേജറും ഹെഡ്മാസ്റ്ററുമായി പ്രവർത്തിക്കുകയും, അപ്പോൾ മാനന്തവാടി മൈനർ സെമിനാരി റെക്ടറുമായിരുന്ന ബഹു. റവ. ഫാ. മാത്യു കാട്ടടിയച്ചന് താൻ മുമ്പിൽ കാണ്ടു.

വയനാടിന്റെ ഭൂപടത്തിൽ മാനന്തവാടിയിൽ നിന്നും 6 കിലോമീറ്റർ അകലെയായി, കോഴിക്കോട് റോഡിൽ വടക്കെ വയനാടിന്റെ സാംസ്കാരിക കേന്ദ്രമായ ദ്വാരക പ്രദേശംഅടയാളപ്പെടുത്തിയിരിക്കുന്നു. തോണിച്ചാൽ, നാലാം മൈൽ പ്രദേശത്തിനിടയിലായി ദ്വാരക ടൗണിൽ നിന്നും 500 മീറ്റർ കിഴക്ക് മാറി വിദ്യയുടെ അമൃത് ആവോളം പകർന്ന് ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ എന്ന കലാക്ഷേത്രം നിലകൊള്ളുന്നത്.

വയനാടിന്റെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ സുവർണ്ണ നക്ഷത്രമായി ഇപ്പോൾ വിരാജിക്കുന്ന ഈ പ്രദേശത്തിൽ വികസനത്തിന്റെ വെളിച്ചം കടന്നു വന്നിട്ടില്ലാത്ത കാലം. റോഡോ, വാഹന സൗകര്യങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ഈ പ്രദേശത്തിന്റെ അധികാരം കരിങ്ങാട്ടിരി തറവാട്ടിലെ പ്രഗദ്ഭനായ സി.കെ.നാരായണൻ നായർക്കായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് '*വയനാട്*' ഓരോ ദേശത്തിന്റെയും ഭരണാധികാരികളായ നാട്ടുവാഴിയുടെ അധികാരത്തിൻ കീഴിലായിരുന്നു. അങ്ങനെയാണ് സി.കെ നാരായണൻ നായർ ഈ പ്രദേശത്തിന്റെ അധികാരിയായി മാറിയത്. 1953-ൽ ഒരു എൽപി സ്കൂൾ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ വീട്ടുപേര് ചേർത്ത് ദ്വാരക എൽപി സ്കൂൾ എന്നായിരുന്നു സ്കൂളിന്റെ പേര്. ഈ പ്രദേശത്തിന്റെ വികസന പാതയിൽ ക്രമേണ അത് ദ്വാരകയെന്ന സ്ഥലനാമമായി പരിണമിച്ചു. 1982 വരെയും ഈ സ്കൂൾ മാത്രമായിരുന്നു ദ്വാരകയുടെ വെളിച്ചം. അഞ്ചുകുന്ന്, കാരയ്ക്കാമല, കാപ്പുംകുന്ന്, കൊമ്മയാട്, ദ്വാരക, പീച്ചംകോട് തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിനായി കിലോമീറ്ററുകൾ താണ്ടേണ്ടതായി വന്നു. ഈ പശ്ചാത്തലത്തിൽ അറിവിന്റെ പൊൻതിരിയിട്ട ഒരു ഹൈസ്കൂൾ ദ്വാരകയിൽ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് കാന്തദർശിയും, വിദ്യാഭ്യാസ വീക്ഷണവും, ആദർശധീരനുമായ റവ. ഫാ. മാത്യു കാട്ടടിയാണ്. ചങ്ങനാശ്ശേരി അതിരൂപതയിലെ സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ മാനേജറും ഹെഡ്മാസ്റ്ററുമായി പ്രവർത്തിക്കുകയും,

അപ്പോൾ മാനന്തവാടി മൈനർ സെമിനാരി റെക്ടറുമായിരുന്ന ബഹു. റവ. ഫാ. മാത്യു കാട്ടടിയച്ചന് താൻ മുമ്പിൽ കാണ്ടു.

വയനാടിന്റെ ഭൂപടത്തിൽ മാനന്തവാടിയിൽ നിന്നും 6 കിലോമീറ്റർ അകലെയായി, കോഴിക്കോട് റോഡിൽ വടക്കെ വയനാടിന്റെ സാംസ്കാരിക കേന്ദ്രമായ ദ്വാരക പ്രദേശം അടയാളപ്പെടുത്തിയിരിക്കുന്നു. തോണിച്ചാൽ, നാലാം മൈൽ പ്രദേശത്തിനിടയിലായി ദ്വാരക ടൗണിൽ നിന്നും 500 മീറ്റർ കിഴക്ക് മാറി വിദ്യയുടെ അമൃത് ആവോളം പകർന്ന് ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ എന്ന കലാക്ഷേത്രം നിലകൊള്ളുന്നത്.

വയനാടിന്റെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ സുവർണ്ണ നക്ഷത്രമായി ഇപ്പോൾ വിരാജിക്കുന്ന ഈ പ്രദേശത്തിൽ വികസനത്തിന്റെ വെളിച്ചം കടന്നു വന്നിട്ടില്ലാത്ത കാലം. റോഡോ, വാഹന സൗകര്യങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ഈ പ്രദേശത്തിന്റെ അധികാരം കരിങ്ങാട്ടിരി തറവാട്ടിലെ പ്രഗദ്ഭനായ സി.കെ.നാരായണൻ നായർക്കായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് '*വയനാട്*' ഓരോ ദേശത്തിന്റെയും ഭരണാധികാരികളായ നാട്ടുവാഴിയുടെ അധികാരത്തിൻ കീഴിലായിരുന്നു. അങ്ങനെയാണ് സി.കെ നാരായണൻ നായർ ഈ പ്രദേശത്തിന്റെ അധികാരിയായി മാറിയത്. 1953-ൽ ഒരു എൽപി സ്കൂൾ അദ്ദേഹം സ്ഥാപിച്ചു.

അഞ്ചുകുന്ന്, കാരയ്ക്കാമല, കാപ്പുംകുന്ന്, കൊമ്മയാട്, ദ്വാരക, പീച്ചംകോട് തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിനായി കിലോമീറ്ററുകൾ താണ്ടേണ്ടതായി വന്നു. ഈ പശ്ചാത്തലത്തിൽ അറിവിന്റെ പൊൻതിരിയിട്ട ഒരു ഹൈസ്കൂൾ ദ്വാരകയിൽ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് കാന്തദർശിയും, വിദ്യാഭ്യാസ വീക്ഷണവും, ആദർശധീരനുമായ റവ. ഫാ. മാത്യു കാട്ടടിയാണ്. ചങ്ങനാശ്ശേരി അതിരൂപതയിലെ സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ മാനേജറും ഹെഡ്മാസ്റ്ററുമായി പ്രവർത്തിക്കുകയും, അപ്പോൾ മാനന്തവാടി മൈനർ സെമിനാരി റെക്ടറുമായിരുന്ന ബഹു. റവ. ഫാ. മാത്യു കാട്ടടിയച്ചന് താൻ മുമ്പിൽ കാണുന്ന വിദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ച് വ്യതിരിക്തവും, സർവ്വോപരി ദൈവോന്മുഖവുമായ പദ്ധതികളും സ്വപ്നങ്ങളുമുണ്ടായിരുന്നു. താൻ വിഭാവനം ചെയ്തിരിക്കുന്ന ഈ വിദ്യാലയത്തിന്റെ ആപ്തവാക്യം ദൈവത്തിനും രാജ്യത്തിനും വേണ്ടി എന്നതായിരിക്കണമെന്നും അദ്ദേഹം മുന്നിൽ കണ്ടു. വ്യത്യസ്ത മത വിഭാഗങ്ങളും ആദിവാസികളും വസിക്കുന്ന ഈ പ്രദേശത്ത് കാട്ടടിയച്ചൻ അതിനുള്ള ശ്രമങ്ങളാരംഭിച്ചു. വെല്ലുവിളികളും സാമ്പത്തിക ബുദ്ധിമുട്ടുകളും നിറഞ്ഞ പശ്ചാതലത്തിൽ പ്രദേശവാസികളായ ധാരാളം വ്യക്തികളുടെ സഹകരണത്തോടെ സ്കൂളിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചു.

ശ്രീ. ആണ്ടൂർ മത്തായി മാസ്റ്ററുടെ പ്രാധിനിത്യം ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. ബഹു. റവ. ഫാ. മാത്യു കാട്ടടിയച്ചന്റെ സഹോദരനായ റവ ഫാ അലോഷ്യസ് കാട്ടടിയുടെ പേരിലുള്ള 3.5 ഏക്കർ സ്ഥലം അതിനായി തിരഞ്ഞെടുത്തു. കിഴക്കെപറമ്പിൽ ജോസ്, ഒറവച്ചാലിൽ വർക്കി, ചാത്തു കാലായിൽ തുടങ്ങി ഒട്ടേറെ അഭ്യുദയ കാംക്ഷികളുടെയും നാട്ടുകാരുടെയും സഹായഹസ്തങ്ങൾ ഒപ്പമുണ്ടായിരുന്നു.

1983 ജനവരി 20-ന് തലശ്ശേരി രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് സ്കൂളിന്റെ അടിസ്ഥാന ശില ആശീർവ്വദിച്ചു. അന്നത്തെ റവന്യൂ, എക്സ്സൈസ്, വിദ്യാഭ്യാസ വകുപ്പുകളുടെ മന്ത്രിയും, ബഹു. കാട്ടടിയച്ചന്റെ ശിഷ്യനുമായിരുന്ന ശ്രീ. പി.ജെ. ജോസഫിന്റെയും, ശേഷം വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന ശ്രീ. ടി.എം ജേക്കബ്ബിന്റെയും അനുകൂലമായ നിലപാടുകൾ സ്കൂളിന്റെ ചുവടുവയ്പുകൾക്ക് ശക്തിയേകി.

1983 ജൂൺ മാസത്തിൽ ആറ് ക്ലാസ് മുറികളുള്ള പുതിയ കെട്ടിടത്തിൽ 4 അധ്യാപകരോടുകൂടി ദ്വാരക സേക്രഡ് ഹാർട്ട് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. സെപ്റ്റംബർ 30-ന് സ്കൂളിന് ഔദ്യോഗിക അംഗീകാരം ലഭിച്ചു. 1983 ഒക്ടോബർ 31-ാം തിയ്യതി അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. ടി.എം. ജേക്കബ് ഒരു വമ്പിച്ച സദസിനെ സാക്ഷി നിർത്തി, ദൈവത്തിനും രാജ്യത്തിനും വേണ്ടി സമർപ്പിക്കപ്പെട്ട ദ്വാരക സേക്രഡ് ഹാർട്ട് ഹൈസ്കൂൾ ഭദ്ര ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് മാർ സെബാസ്റ്റ്യൻ

വള്ളോപ്പിള്ളി പിതാവ് ഈ ശ്രീകോവിൽ ആശീർവ്വദിച്ച് ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ചു. വെല്ലുവിളികളും പ്രതിസന്ധികളും നിറഞ്ഞ പശ്ചാത്തലങ്ങളെയെല്ലാം നിഷ്പ്രഭമാക്കിക്കൊണ്ട് 1986-ലെ ഒന്നാമത്തെ ബാച്ചിന്റെ (60 കുട്ടികൾ) 100% വിജയം ദ്വാരക ഹൈസ്കൂളിന്റെ കുതിപ്പിന് തുടക്കം കുറിച്ചു. 1988-ലും 100% വിജയം ആവർത്തിച്ചു. തുടർന്ന് ജില്ലയിലേയും സ്കൂളിലേയും വിദ്യാലയങ്ങളിൽ വിജയശതമാനത്തിൽ ഉയർന്നു നിൽക്കുവാൻ നാളിതു വരെ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. 1992-ൽ വിപുലമായി നടന്ന ദശ വാർഷികത്തോട് അനുബന്ധിച്ച് പി.ടി.എയുടെ സഹായത്തോടെ സ്കൂൾ ചുറ്റമതിലിന്റെ നിർമ്മാണവും പൂർത്തികരിച്ചു. കേവലം നാല് ഡിവിഷനുകളോടെ ആരംഭിച്ച ഹൈസ്കൂൾ 2000-മാണ്ടിൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു 2 സയൻസ് ബാച്ചും ഒരു ഹ്യുമാനിറ്റീസ് ബാച്ചുമായി ആരംഭിച്ച ഹയർ സെക്കണ്ടറി വിഭാഗത്തിൽ സമർത്ഥരായ അധ്യപകർ നിയമിതരായതോടൊപ്പം ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്ന സിസ്റ്റർ എൽസാ ജയിംസ് പ്രിൻസിപ്പലായും നിയമിതയായി.സ്ഥാപക മാനേജർ എന്ന നിലയിൽ മാതൃകാപരമായ രീതിയിൽ അക്ഷീണം പ്രവർത്തിച്ച ബഹു. റവ. ഫാ. മാത്യു കാട്ടടിയച്ചൻ വാർദ്ധക്യസഹജമായ ആരോഗ്യ പ്രശ്നങ്ങളാൽ 2002-ൽ സ്കൂൾ മാനന്തവാടി നോബർട്ടൈൻ സഭയ്ക്ക് കൈമാറി. തുടർന്ന് മാനേജറായി നിയമിതനായ ബഹു. റവ. ഫാ. ജോൺ നെല്ലുവേലിയച്ചന്റെ മേൽനോട്ടത്തിൽ സ്കൂൾ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു.

2007-ൽ ഒരു വർഷത്തെ രജതജൂബിലി ആഘോഷങ്ങൾ വമ്പിച്ച പരിപാടികളോടെ ഈ സ്കൂളിൽ നടന്നു. പ്രഥമ മാനേജറും കർമ്മയോദ്ധാവുമായിരുന്ന ആദരണീയനായ റവ. ഫാ. മാത്യു കാട്ടടി 2010 ആഗസ്റ്റ് 11-ന് ഈ ലോകം ആ പുണ്യാത്മാവിന്റെ മഹത് സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ഒപ്പം വരും തലമുറയ്ക്കും അദ്ദേഹത്തിന്റെ കർമ്മവീഥികൾ സ്മരിക്കുന്നതിനായി റവ. ഫാ മാത്യു കാട്ടടി മെമ്മോറിയൽ ഓഡിറ്റോറിയവും പണികഴിപ്പിച്ചിട്ടുണ്ട്. റവ. ഫാ. ജോൺ നെല്ലുവേലിക്കു ശേഷം റവ.ഫാ സലു ജേക്കബ്, റവ. ഫാ ജോസ് ചെറുപ്ലാവിൽ, റവ.ഫാ ജോസ് ചെമ്പോട്ടിക്കൽ, റവ. ഫാ സുനിൽ കട്ടുമ്പന്താനം എന്നിവർ യഥാക്രമം മാനേജർമാരായി സ്കൂളിന്റെ സർവ്വോന്മുഖമായ പുരോഗതി ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നു. സ്കൂളിന്റെ സാരഥ്യം വഹിച്ച പ്രഥമ ഹെഡ്മിസ്ട്രസ് സി.സിൻക്ലെയർ, സി.എൽസാ ജയിംസ്, ശ്രീ. മാത്യു ജോസഫ്, പ്രിൻസിപ്പൽമാരായിരുന്ന ശ്രീമതി കാതറിൻ ഫി.ജെ., ശ്രീമതി ലൗലി ജോസഫ് തുടങ്ങിയ അധ്യാപക പ്രതിഭകളുടെ നിസ്തുല സേവനവും സ്കൂളിന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിലും ഹയർ സെക്കണ്ടറി വിഭാഗത്തിലും പാഠ്യരംഗത്തും പാഠ്യേതരരംഗത്തും അസൂയാവഹമായ വളർച്ചയാണ് ഈ സ്ഥാപനത്തിനുണ്ടായിക്കൊണ്ടിരിക്കുന്നത്.

2014-ൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കൊമേഴ്സ് ബാച്ച് കൂടി അനുവധിക്കപ്പെട്ടതോടെ ഇന്ന് ഈ സ്ഥാപനം 1661 വിദ്യാർത്ഥികളും 59 അധ്യാപകരും 9 അനധ്യാപകരും അടങ്ങുന്ന ഒരു വലിയ കുടുംബമായി പടർന്നു പന്തലിച്ചിരിക്കുന്നു. ദ്വാരകയുടെ യശസ്തംഭമായ ഈ വിദ്യാലയത്തിന് എല്ലാവിധ സൗകര്യങ്ങളുമുള്ള ക്ലാസ്സുറികൾ, കംബ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, സയൻസ് ലാബുകൾ, അഡൽ ടിങ്കറിങ്ങ് ലാബ്, കോൺഫറൻസ് ഹാൾ, വിശാലമായ പ്ലേ ഗ്രൗണ്ട് എന്നിവയുമുണ്ട്. കുട്ടികളുടെ സേവനസന്നദ്ധതയും നേതൃവാസനയും വളർത്താനുതകുന്ന എൻഎസ്എസ്, ജൂനിയർ റെഡ് ക്രോസ്, സ്കൗട്ട് & ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ്, കരിയർ ഗൈഡൻസ്, ബാലജനസഖ്യം, ഭൂമിത്രസേന, സയൻസ്, സോഷ്യൽ സയൻസ്, കണക്ക്, ഇംഗ്ലീഷ്, ഇക്കോ, ഹെൽത്ത് ലഹരി വിരുദ്ധ, ശുചിത്വ ക്ലബ്ബുകൾ, കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന വിദ്യാരംഗം കലാസാഹിത്യവേദി തുടങ്ങിയ ധാരാളം സംഘടനകളും ക്ലബ്ബുകളും നല്ലരീതിയിൽ ഇവിടെ പ്രവർത്തിച്ചുവരുന്നു. കലാകായിക രംഗത്തും അനേകം പ്രതിഭകളെ സംഭാവന ചെയ്ത് വ്യക്തിമുദ്ര പതിപ്പിക്കാനും സാധിച്ചിട്ടുണ്ട്. നിർധനരായ വിദ്യാർത്ഥികൾക്ക് കൈത്താങ്ങായി സ്നേഹസ്പർശം പദ്ധതിയിലൂടെ പൂർവ്വ വിദ്യാർത്ഥികൾ ഉൾപ്പടെ അനേകം വിദ്യാർത്ഥികൾക്ക് സ്നേഹസാന്ത്വനം പകരാൻ ഈ സ്ഥാപനം അവിരാമം ശ്രദ്ധ ചെലുത്തുന്നു.

വയനാട്ടിലെ മികച്ച സ്കൂളുകളിലൊന്നായി, 2018 എസ്എസ്എൽസി ബാച്ചിൽ 33 വിദ്യാർത്ഥികളും, ഹയർ സെക്കണ്ടറി വിഭാഗത്തിൽ 70 വിദ്യാർത്ഥികളും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ വിജയഗാഥയുമായി വിജ്ഞാന പ്രഭ ചൊരിഞ്ഞ് അറിവിന്റെ പുണ്യതീർത്ഥമായി നിലകൊള്ളുന്നു.സ്കൂൾ മാനേജർ റവ. ഫാ. സേവ്യർ അയലൂക്കാരന്റെയും പ്രിൻസിപ്പൽ ശ്രീമതി. ഡോ.ഷൈമ ടി ബെന്നിയുടെയും ഹെഡ്മിസ്ട്രസ് ശ്രീമതി. മോളി ബെസിന്റെയും, പിടിഎയുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ നിന്നോ അധ്യാപകരിൽ നിന്നോ യാതൊരു വിധ ലാഭവും കാംക്ഷിക്കാതെ, ദൈവത്തിനും രാജ്യത്തിനും വേണ്ടി എന്ന മഹത്തായ ആദർശം നെഞ്ചിലേറ്റി ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ ജൈത്രയാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു.ദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ച് വ്യതിരിക്തവും, സർവ്വോപരി ദൈവോന്മുഖവുമായ പദ്ധതികളും സ്വപ്നങ്ങളുമുണ്ടായിരുന്നു. താൻ വിഭാവനം ചെയ്തിരിക്കുന്ന ഈ വിദ്യാലയത്തിന്റെ ആപ്തവാക്യം ദൈവത്തിനും രാജ്യത്തിനും വേണ്ടി എന്നതായിരിക്കണമെന്നും അദ്ദേഹം മുന്നിൽ കണ്ടു.വ്യത്യസ്ത മത വിഭാഗങ്ങളും ആദിവാസികളും വസിക്കുന്ന ഈ പ്രദേശത്ത് കാട്ടടിയച്ചൻ അതിനുള്ള ശ്രമങ്ങളാരംഭിച്ചു. വെല്ലുവിളികളും സാമ്പത്തിക ബുദ്ധിമുട്ടുകളും നിറഞ്ഞ പശ്ചാതലത്തിൽ പ്രദേശവാസികളായ ധാരാളം വ്യക്തികളുടെ സഹകരണത്തോടെ സ്കൂളിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചു.

ശ്രീ. ആണ്ടൂർ മത്തായി മാസ്റ്ററുടെ പ്രാധിനിത്യം ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. ബഹു. റവ. ഫാ. മാത്യു കാട്ടടിയച്ചന്റെ സഹോദരനായ റവ ഫാ അലോഷ്യസ് കാട്ടടിയുടെ പേരിലുള്ള 3.5 ഏക്കർ സ്ഥലം അതിനായി തിരഞ്ഞെടുത്തു. കിഴക്കെപറമ്പിൽ ജോസ്, ഒറവച്ചാലിൽ വർക്കി, ചാത്തു കാലായിൽ തുടങ്ങി ഒട്ടേറെ അഭ്യുദയ കാംക്ഷികളുടെയും നാട്ടുകാരുടെയും സഹായഹസ്തങ്ങൾ ഒപ്പമുണ്ടായിരുന്നു.

1983 ജനവരി 20-ന് തലശ്ശേരി രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് സ്കൂളിന്റെ അടിസ്ഥാന ശില ആശീർവ്വദിച്ചു. അന്നത്തെ റവന്യൂ, എക്സ്സൈസ്, വിദ്യാഭ്യാസ വകുപ്പുകളുടെ മന്ത്രിയും, ബഹു. കാട്ടടിയച്ചന്റെ ശിഷ്യനുമായിരുന്ന ശ്രീ. പി.ജെ. ജോസഫിന്റെയും, ശേഷം വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന ശ്രീ. ടി.എം ജേക്കബ്ബിന്റെയും അനുകൂലമായ നിലപാടുകൾ സ്കൂളിന്റെ ചുവടുവയ്പുകൾക്ക് ശക്തിയേകി. 1983 ജൂൺ മാസത്തിൽ ആറ് ക്ലാസ് മുറികളുള്ള പുതിയ കെട്ടിടത്തിൽ 4 അധ്യാപകരോടുകൂടി ദ്വാരക സേക്രഡ് ഹാർട്ട് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. സെപ്റ്റംബർ 30-ന് സ്കൂളിന് ഔദ്യോഗിക അംഗീകാരം ലഭിച്ചു. 1983 ഒക്ടോബർ 31-ാം തിയ്യതി അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. ടി.എം. ജേക്കബ് ഒരു വമ്പിച്ച സദസിനെ സാക്ഷി നിർത്തി, ദൈവത്തിനും രാജ്യത്തിനും വേണ്ടി സമർപ്പിക്കപ്പെട്ട ദ്വാരക സേക്രഡ് ഹാർട്ട് ഹൈസ്കൂൾ ഭദ്ര ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

തുടർന്ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് ഈ ശ്രീകോവിൽ ആശീർവ്വദിച്ച് ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ചു. വെല്ലുവിളികളും പ്രതിസന്ധികളും നിറഞ്ഞ പശ്ചാത്തലങ്ങളെയെല്ലാം നിഷ്പ്രഭമാക്കിക്കൊണ്ട് 1986-ലെ ഒന്നാമത്തെ ബാച്ചിന്റെ (60 കുട്ടികൾ) 100% വിജയം ദ്വാരക ഹൈസ്കൂളിന്റെ കുതിപ്പിന് തുടക്കം കുറിച്ചു. 1988-ലും 100% വിജയം ആവർത്തിച്ചു. തുടർന്ന് ജില്ലയിലേയും സ്കൂളിലേയും വിദ്യാലയങ്ങളിൽ വിജയശതമാനത്തിൽ ഉയർന്നു നിൽക്കുവാൻ നാളിതു വരെ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. 1992-ൽ വിപുലമായി നടന്ന ദശ വാർഷികത്തോട് അനുബന്ധിച്ച് പി.ടി.എയുടെ സഹായത്തോടെ സ്കൂൾ ചുറ്റുമതിലിന്റെ നിർമാണവും പൂർത്തികരിച്ചു. കേവലം നാല് ഡിവിഷനുകളോടെ ആരംഭിച്ച ഹൈസ്കൂൾ 2000-മാണ്ടിൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. 2 സയൻസ് ബാച്ചും ഒരു ഹ്യൂമാനിറ്റീസ് ബാച്ചുമായി ആരംഭിച്ച ഹയർ സെക്കണ്ടറി വിഭാഗത്തിൽ സമർത്ഥരായ അധ്യപകർ നിയമിതരായതോടൊപ്പം ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്ന സിസ്റ്റർ എൽസാ ജയിംസ് പ്രിൻസിപ്പലായും നിയമിതയായി. സ്ഥാപക മാനേജർ എന്ന നിലയിൽ മാതൃകാപരമായ രീതിയിൽ അക്ഷീണം പ്രവർത്തിച്ച ബഹു. റവ. ഫാ. മാത്യൂ കാട്ടടിയച്ചൻ വാർദ്ധക്യസഹജമായ ആരോഗ്യ പ്രശ്നങ്ങളാൽ 2002-ൽ സ്കൂൾ മാനന്തവാടി നോബർട്ടൈൻ സഭയ്ക്ക് കൈമാറി. തുടർന്ന് മാനേജറായി നിയമിതനായ ബഹു. റവ. ഫാ. ജോൺ നെല്ലുവേലിയച്ചന്റെ മേൽനോട്ടത്തിൽ സ്കൂൾ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു.

2007-ൽ ഒരു വർഷത്തെ രജതജൂബിലി ആഘോഷങ്ങൾ വമ്പിച്ച പരിപാടികളോടെ ഈ സ്കൂളിൽ നടന്നു. പ്രഥമ മാനേജറും കർമ്മയോദ്ധാവുമായിരുന്ന ആദരണീയനായ റവ. ഫാ. മാത്യൂ കാട്ടടി 2010 ആഗസ്റ്റ് 11-ന് ഈ ലോകം ആ പുണ്യാത്മാവിന്റെ മഹത് സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ഒപ്പം വരും തലമുറയ്ക്കും അദ്ദേഹത്തിന്റെ കർമ്മവീഥികൾ സ്മരിക്കുന്നതിനായി റവ. ഫാ മാത്യൂ കാട്ടടി മെമ്മോറിയൽ ഓഡിറ്റോറിയവും പണികഴിപ്പിച്ചിട്ടുണ്ട്. റവ. ഫാ. ജോൺ നെല്ലുവേലിക്കു ശേഷം റവ.ഫാ സലു ജേക്കബ്, റവ. ഫാ ജോസ് ചെറുപ്ലാവിൽ, റവ.ഫാ ജോസ് ചെമ്പോട്ടിക്കൽ, റവ. ഫാ സുനിൽ കടുമ്പന്താനം എന്നിവർ യഥാക്രമം മാനേജർമാരായി സ്കൂളിന്റെ സർവ്വോന്മുഖമായ പുരോഗതി ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നു. സ്കൂളിന്റെ സാരഥ്യം വഹിച്ച പ്രഥമഹെഡ്മിസ്ട്രസ് സി.സിൻക്ലെയർ, സി.എൽസാ ജയിംസ്, ശ്രീ. മാത്യൂ ജോസഫ്, പ്രിൻസിപ്പൽമാരായിരുന്ന ശ്രീമതി കാതറിൻ ഫി.ജെ., ശ്രീമതി ലൗലി ജോസഫ് തുടങ്ങിയ അധ്യാപക പ്രതിഭകളുടെ നിസ്തുല സേവനവും സ്കൂളിന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.ഹൈസ്കൂൾ വിഭാഗത്തിലും ഹയർ സെക്കണ്ടറി വിഭാഗത്തിലും പാഠ്യരംഗത്തും പാഠ്യേതരരംഗത്തും അസൂയാവഹമായ വളർച്ചയാണ് ഈ സ്ഥാപനത്തിനുണ്ടായിക്കൊണ്ടിരിക്കുന്നത്.

2014-ൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കൊമേഴ്സ് ബാച്ച് കൂടി അനുവധിക്കപ്പെട്ടതോടെ ഇന്ന് ഈ സ്ഥാപനം 1661 വിദ്യാർത്ഥികളും 59 അധ്യാപകരും 9 അനധ്യാപകരും അടങ്ങുന്ന ഒരു വലിയ കുടുംബമായി പടർന്നു പന്തലിച്ചിരിക്കുന്നു. ദ്വാരകയുടെ യശസ്തംഭമായ ഈ വിദ്യാലയത്തിന് എല്ലാവിധ സൗകര്യങ്ങളുമുള്ള ക്ലാസ്സുറികൾ, കംബ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, സയൻസ് ലാബുകൾ, അഡൽ ടിങ്കറിങ്ങ് ലാബ്, കോൺഫറൻസ് ഹാൾ, വിശാലമായ പ്ലേ ഗ്രൗണ്ട് എന്നിവയുമുണ്ട്. കുട്ടികളുടെ സേവനസന്നദ്ധതയും നേതൃവാസനയും വളർത്താനുതകുന്ന എൻഎസ്എസ്, ജൂനിയർ റെഡ് ക്രോസ്, സ്കൗട്ട് & ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ്, കരിയർ ഗൈഡൻസ്, ബാലജനസഖ്യം, ഭൂമിത്രസേന, സയൻസ്, സോഷ്യൽ സയൻസ്, കണക്ക്, ഇംഗ്ലീഷ്, ഇക്കോ, ഹെൽത്ത് ലഹരി വിരുദ്ധ, ശുചിത്വ ക്ലബ്ബുകൾ, കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന വിദ്യാരംഗം കലാസാഹിത്യവേദി തുടങ്ങിയ ധാരാളം സംഘടനകളും ക്ലബ്ബുകളും നല്ലരീതിയിൽ ഇവിടെ പ്രവർത്തിച്ചുവരുന്നു. കലാകായിക രംഗത്തും അനേകം പ്രതിഭകളെ സംഭാവന ചെയ്ത് വ്യക്തിമുദ്രപതിപ്പിക്കാനും സാധിച്ചിട്ടുണ്ട്. നിർധനരായ വിദ്യാർത്ഥികൾക്ക് കൈത്താങ്ങായി സ്നേഹസ്പർശം പദ്ധതിയിലൂടെ പൂർവ്വ വിദ്യാർത്ഥികൾ ഉൾപ്പടെ അനേകം വിദ്യാർത്ഥികൾക്ക് സ്നേഹസാന്ത്വനം പകരാൻ ഈ സ്ഥാപനം അവിരാമം ശ്രദ്ധ ചെലുത്തുന്നു.

വയനാട്ടിലെ മികച്ച സ്കൂളുകളിലൊന്നായി, 2019 എസ്എസ്എൽസി ബാച്ചിൽ 35 വിദ്യാർത്ഥികളും, ഹയർ സെക്കണ്ടറി വിഭാഗത്തിൽ 64 വിദ്യാർത്ഥികളും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ വിജയഗാഥയുമായി വിജ്ഞാന പ്രഭ ചൊരിഞ്ഞ് അറിവിന്റെ പുണ്യതീർത്ഥമായി നിലകൊള്ളുന്നു.സ്കൂൾ മാനേജർ റവ. ഫാ. സേവ്യർ അയലൂക്കാരന്റെയും പ്രിൻസിപ്പൽ ശ്രീമതി. ഡോ.ഷൈമ ടി ബെന്നിയുടെയും ഹെഡ്മിസ്ട്രസ് ശ്രീമതി. മോളി ബെസിന്റെയും, പിടിഎയുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ നിന്നോ അധ്യാപകരിൽ നിന്നോ യാതൊരു വിധ ലാഭവും കാംക്ഷിക്കാതെ, ദൈവത്തിനും രാജ്യത്തിനും വേണ്ടി എന്ന മഹത്തായ ആദർശം നെഞ്ചിലേറ്റി ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ ജൈത്രയാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു.

# ഉള്ളടക്കം

## (content)

## കവിത


1.സഫലമീ സ്വപ്നം .... 26

2.ചിരഞ്ജീവി..... 27,28

3.മുള്ളൻചീര..... 29

4.കണക്കോ ജീവിതം.... 30,31

5.എന്റെ ഒരു നുള്ള് ആകാശം.... 32,33

6.പുതുമഴ പറഞ്ഞത്..... 34,35

7.മരണം വിളിച്ചപ്പോൾ..... 36

8.ഇനിയും മരിക്കാതിരിക്കാൻ..... 37,38


## നാടൻപാട്ട്


1.താരീകന്താരോം....... 39

2.നെല്ല് കൊയ്യട കോര...... 40

3.മീൻകറി..... 41

4.മുണ്ടകൻ പാടത്തെ ഞണ്ടെ..... 42

5.നീയോടി നാളേപ്പൊറുക്കിണത്..... 43

6.കല്ലേലിരിക്കുന്ന ഞണ്ടേ....... 44

## കഥ

1.ചോദ്യങ്ങൾ അവസാനിക്കുന്നില്ല..... 45-48

2.ചിലച്ചില്ലകൾ..... 49-51

## പഴഞ്ചൊല്ലുകൾ

1.പഴഞ്ചൊല്ലുകൾ...... 52-60

1.ഉയരാൻ നാളേക്കായ്...... 61-66

## English poem

1.From marad...... 67,68

2.Soul of a river....... 69

sports an indispendable part
of education....... 70
smoking and lung diseases.... 71-74

# സഫലമീ സ്വപ്നം.....

രാത്രിതൻ യാമങ്ങളിൽ
വിടർന്ന മുല്ലമൊട്ടുകളിൽ
മയങ്ങാനൊരെൻ സ്വപ്നങ്ങൾ
മയക്കത്തിലേക്ക് തെന്നിവീണൊരെന്റെ
കിനാവുകൾക്കെന്തേ ചിറകുവന്നു....

ചിറകുവെച്ചൊരെൻ സ്വപ്നങ്ങൾ
ചെന്നെത്തി വഴിവക്കിലും മൂലയിലും
കണ്ടുഞാൻ കണ്ണുനീർവീഴ്ത്തി
ഇങ്ങനെയുമൊരു ജീവിതങ്ങൾ
യാതനയ്ക്കുമേൽ
വർണ്ണങ്ങൾ തീർക്കുന്ന മഴവില്ലുകൾ.....
ഇനിയും ഭൂമിയിൽ
സഫലമാകാത്തൊരു ജീവിതങ്ങൾതൻ
മുന്നിൽ സഫലമീ സ്വപ്നം.....

**ALAN MATHEW -IXA**

# ചിരഞ്ജീവി

കാലം മറന്നുപോയ എനിക്ക്
സ്നേഹത്തിന്റെ ഗന്ധമുണ്ടായിരുന്നു....
കാലത്തിനൊപ്പം സഞ്ചരിക്കാനാകാത്ത എനിക്ക്
ഒറ്റപ്പെടലിന്റെ ശബ്ദമായിരുന്നു....
ഇടിയും മിന്നലും കൈവിട്ട എനിക്ക്
വിരഹത്തിന്റെ ഭംഗിയായിരുന്നു....
പ്രത്യേക സംവരണം ആവശ്യപ്പെട്ട ഞാൻ
അത് കിട്ടാത്തതിന്റെ റിവഞ്ചിൽ
ആത്മഹത്യ ചെയ്യാനൊരുങ്ങി....
പിന്നെ വേണ്ടെന്നുവച്ചു....
സമരം ചെയ്യാനൊരുങ്ങി,
അതും വേണ്ടെന്നുവച്ചു....
അവസാനം പെയ്യതു തീർന്നു....
പക്ഷേ,

ജനറൽ വിഭാഗത്തിൽപ്പെട്ട
എന്റെ ചേച്ചിമാർ
ഒരു പണിയും എടുക്കാതെ
കുത്തിയിരിക്കുന്നതുകണ്ട്
എന്റെ കണ്ണുനിറഞ്ഞു....
അറിയാതെ ഞാൻ വീണ്ടും
കരഞ്ഞുപോയി....
സ്നേഹത്തിന്റെ ഗന്ധത്തോടെ,
ഒറ്റപ്പെടലിന്റെ ശബ്ദത്തോടെ,
വിരഹത്തിന്റെ ഭംഗിയോടെ
ഞാൻ വീണ്ടും കരഞ്ഞുപോയി....

ALBI JOSE -IX A

**ALBI JOSE -IX A**

# മുള്ളൻചീര

കൊട്ടിയിൽ നട്ടിട്ടും കൊല്ലത്തു വേരോടി
അവിടെ മൊളറച്ചാരും മുള്ളൻ ചീര
പറിച്ചപ്പോൾ പാവയ്ക്ക,പഴുത്ത പഴച്ചക്ക
കൊട്ടയിലിട്ടപ്പോൾ കൊട്ടത്തേങ്ങ
കൊട്ടത്തേങ്ങ തിന്നാൻ ഞാനൊന്നു ചെന്നപ്പോൾ
അവിടെ ഒരു കലം ചാമക്കഞ്ഞി
ചാമക്കഞ്ഞി കുടിച്ചാമോദം പുണ്ടപ്പോൾ
വയറ്റിൽ തടഞ്ഞതു കട്ടുറുമ്പ്
കട്ടുരിമ്പെ തുപ്പി കൊട്ടയിലിട്ടപ്പോൾ
കൂവിതെളിഞ്ഞൊരു പൂവൻ കോഴി
പൂവൻ കോഴി  ഒടി കൊതാട്ടു ചെന്നപ്പോൾ
കോതാട്ടു മുത്തിക്കു മീശ വന്നു.

**ARCHANA SREELAKSHMI -IXB**

# കണക്കോ
# ജീവിതം !

“വിദ്യാലയത്തിൻ പടികൾ കയറാത്ത
ഒന്നെന്നെണ്ണാനറിയാത്തൊരുണ്ണിതൻ
ജീവിതം കഷ്ടം തന്നെ.
കൂട്ടുകാരൊന്നിച്ച് ഇളം തണൽ
നൽകുമാ മരച്ചോട്ടിൽ, പലതരം
എണ്ണൽ കളികൾ കളിക്കുമ്പോൾ
നിറമിഴിയാലുണ്ണി നോക്കി നിൽപ്പൂ....
സുന്ദരമാമൊരു ബാല്യം വെറുതെ
പോയ് ഉണ്ണിക്ക്....
ഉണ്ണിയുടെ കൗമാരകാലമൊരു
കാറ്റിന്റെ വേഗം പോൽ
കടന്നുവന്നു....
കൂട്ടാനറിയില്ല, ഗുണിക്കാനറിയില്ല,
ഹരണവുമവനറിഞ്ഞുകൂടാ....
കൂട്ടിനില്ലാരും അവനു കരയാൻ,
കൂട്ടിനില്ലാരും അവനു ചിരിക്കാൻ,

ഗോപാലൻ ചേട്ടന്റെ കടയിലെ
മിഠായി വാങ്ങാൻ പോലും കഴിയാത്ത
പാവം അതിനുമേൽ നോക്കി -
ക്കൊതിച്ചുനിന്നൂ....
ചിന്തകൾ പുഴപോലെ ഒഴുകി-
യെത്തിയുണ്ണിയിൽ....
“എന്തിനു ജീവിതം കണക്കറിയാതെ,
ഭൂഗോള സ്പന്ദനം കണക്കിൽ തന്നെ....”
കണക്കോ ജീവിതം, കണക്കോ ജീവിതം....”

**ALAN ALEX PAUL - IXA**

# എന്റെ ഒരു നുള്ള് ആകാശം

എനിക്കുമീതെ ആയിരം നക്ഷത്രം
പുത്തുലഞ്ഞെങ്കിലും
ഒന്നുമേ എനിക്കിന്നു സ്വന്തമല്ല
ഒരായിരം കിനാവുകൾ എന്നിലുണ്ടെങ്കിലും
ഒന്നുമേ എന്നിൽ തിളങ്ങിയില്ല.
ഓർമ്മ വെച്ചെങ്കിലും ആകാശമേ
എനിക്കിന്നു നിന്നുടെ
അതിർത്തിപോലുമറിയില്ല. ഭൂമിയുടെ
അവകാശി ഞാനല്ലെങ്കിലും
ഈ ഭൂമിയിൽ ഒന്നു ഞാൻ
സ്വന്തമാക്കിടും. അതിനെന്റെ
ആറടി മണ്ണുമാത്രം. ഒരാഗ്രഹം
ഞാനിന്നു ചോദിച്ചാൽ ദൈവമേ.....

എനിക്കു നീ അതു നൽകീടുമോ

ഒരു നുള്ള് ഭൂമിക്ക് പകരമായ് എനിക്കു

നീ ഒരു നുള്ള് ആകാശം നൽകീടുമോ

സൂര്യന്റെ വരവിനും ചന്ദ്രന്റെ വരവിലും

നിന്റെ ഈ നിറമാറ്റം എന്റെ

മനസ്സിനെ മാറ്റിയാലോ.

**ALPHIN BINU - IXA**

# പുതുമഴ പറഞ്ഞത്.....

വെള്ളിനൂലിഴകളാൽ ഭൂമിയെ,

കോരിത്തരിപ്പിക്കാൻ അവൾ എത്തുമെന്ന് ഒരു പ്രതീക്ഷ,

കാത്തിരിപ്പിന് കടിഞ്ഞാണിട്ട്

അവൾ വന്നെത്തി.....

ഭൂമിയിൽ ഒരു ഉത്സവപ്രതീതി,

അവളുടെ വരവറിയിക്കാൻ മയിൽ നൃത്തം ചവിട്ടി

മർത്യന്റെ കണ്ണിൽ ആഹ്ലാദക്കണ്ണീർ,

നീ എത്തിയില്ലായിരുന്നെങ്കിൽ അത് ചുടു രക്തമായി

മാറിയേനേ.

പ്രകൃതിയെ വാരിപുണരുന്ന അവളെ,

ആരോ മഴയെന്ന് വിളിച്ചു,

രണ്ടു വാക്കാണെങ്കിലും,

ഒരു ജന്മം മുഴുവൻ വേണം അവളെ

ആസ്വദിക്കാൻ.....

പെട്ടെന്ന് അങ്ങ് പെയ്തു തീർന്നു

എന്തോ പറയണമെന്നുണ്ടായിരുന്നു അവൾക്ക്,

പറഞ്ഞുമില്ല,മനസ്സിലാക്കിയുമില്ല,

എന്താണവൾക്ക് പറയാനുണ്ടായിരുന്നത് ?

**MUHAMMED ASIF - IXA**

# മരണം വിളിച്ചപ്പോൾ.....

മരണം വന്നു വിളിച്ചപ്പോൾ
പതറിപ്പോയി ഞാൻ.....
പതറേണ്ടിയിരുന്നില്ലെന്ന്
പലവട്ടം കരുതി.....
മരണത്തിന്റെ നിഴൽ പതിച്ചപ്പോൾ
ഉറങ്ങിപ്പോയിട്ടുണ്ട്.....
ഉറങ്ങിയാൽ അവസരം നഷ്ടപ്പെടുമെന്ന്
നിനച്ചിട്ടുണ്ട്....!
എന്തിനേറെ ?
എനിക്കുമാത്രമെന്തായിങ്ങനെ
എന്ന് സ്വയം പഴിച്ച്
പൊട്ടിക്കരഞ്ഞിട്ടുണ്ട്......
മരണത്തിനായുള്ള നീണ്ട ക്യൂവിൽ
ഒന്നാമതെത്താൻ ആഗ്രഹിച്ചിട്ടുണ്ട്.....
എന്നിട്ടും, മരണം വന്നു വിളിച്ചപ്പോൾ
പതറിപ്പോയി ഞാൻ....

**FIDA K-IX A**

# ഇനിയും മരിക്കാതിരിക്കാൻ

എന്നെ കൊല്ലല്ലേയെന്ന് ചൊല്ലിയവ-
ളാർത്തു കരഞ്ഞു
കയ്യായും, കാലായും,ഉടലായും
മനുജനവളെ കാർന്നു തിന്നു !

ഉടലെടുക്കും തോറും അവൾ -
തേങ്ങി തേങ്ങി കരഞ്ഞു...
ഉയിരില്ലാകുമ്പോഴും അവൾ കരഞ്ഞു
എന്നെ കൊല്ലരുതേ, എന്ന് ചൊല്ലി...

അവളുടെ മിഴിനീരും മനുജൻ കാർന്നു...
ഉടലിലെയുയിരൽപ്പം മാത്രമായി നിൽക്കുമ്പോഴും..
അവളെ തഴുകിയവരേയവരും തഴുകി
ഒരു ചെറുസ്പർശത്തോടെ...

വേദനസഹിക്കാനാവാതെ-
യവളിടക്കൊന്ന്  പിടഞ്ഞു
അപ്പോഴുമാ...
രാക്ഷസരവളെ കൊന്നു...

അവളുടെ തേങ്ങലതവനിയിൽ
നിന്നകലും മുൻപേ...

അവളൊന്നുകൂടി കരഞ്ഞു
'മനുഷ്യാ ദാ' എന്ന് ചൊല്ലി

ഇപ്പൊളവൾ പ്രേതമായി വന്നിരിക്കുന്നു.
അതേ മനുജരോ-
ടൊന്ന്... ചൊല്ലാൻ...
അവളേ കൊല്ലരുതേയെന്ന് ചൊല്ലാൻ...

അവൾ ഗർജിക്കുന്നു...
ആ മരിച്ച മനസ്സിന്റെ...
തേങ്ങലകറ്റാൻ... ഇനിയും-
മരിക്കാതിരിക്കാൻ.

**OLIVIA PAUL- IX B**

# താരീകന്താരോ....

സൂര്യനുദിച്ചു കണ്ടേ
താരീകന്താരോം
നേരം പുലർന്നു പോയേ
താരീതിനുന്തോം
ഒരപിടിഞ്ഞാറെടുത്തേൻ
താരീകന്താരോം
ആദിത്യൻ കതിരുനോക്യേ
താരീതിനുന്തോം
ആദിത്യൻ കതിരു കണ്ടേ
താരീകന്താരോം
തൈവത്തെ കൈയെടുത്തേൻ
നല്ലിക്കരകേറ്റുമേ
താരീതിനുന്തോം
നാട്ടീട്ടും തീരുന്നില്ലേ-
താരീകന്താരോം

**ANCIL BAIJU – IX A**

# നെല്ല് കൊയ്യട കോര......

നെല്ല് കൊയ്യട കോര....
എനിക്ക് വയ്യെന്റമ്മെ...
നെല്ല് കുത്തെട കോര...
എനിക്ക് വയ്യെന്റമ്മെ...
കഞ്ഞി വക്കെട കോര...
എനിക്ക് വയ്യെന്റമ്മെ...
കഞ്ഞി വിളമ്പെട കോര...
എനിക്ക് വയ്യെന്റമ്മെ...
കഞ്ഞി കുടിക്കെട കോര...
അങ്ങനെ പറയ്യെന്റമ്മെ...

**HELNA SHIBU -X B**

# മീൻകറി

"അത്തത്തിൽ ഉച്ചക്കൊരു പച്ചമുള വെട്ടി
പത്തായി ചീന്തിയൊരാറ്റലും കുത്തി
മാനാഞ്ചിറക്കല് മീനൂറ്റാൻ പോയി
ഒറ്റലിൽ നല്ലൊരു വാലേട്ട കിട്ടി
വാലൂ പിടിച്ചു വരമ്പത്തടിച്ചു
ചീറ്റുളി ജീരകം മുന്നാഴിയരച്ചു
പാലുള്ള തേങ്ങയൊരെൺപതരച്ചു
ആനത്തലോളം കായം കലക്കി
പതിനെട്ടു പെണ്ണുങ്ങളുപ്പിട്ടു
നോക്കുമ്പോളൊരു പിടിച്ചോറിനു
കൂട്ടാനില്ല."

**BINOY BIJU -IXA**

# മുണ്ടകൻ പാടത്തെ ഞണ്ട്

മുണ്ടകൻ പാടത്തെ നാതാൻ കുഞ്ഞേ
മുണ്ടകൻ കൊയ്യുമ്പോളെവിടിരിക്കും?
മുണ്ടകൻ കട്ടേടെ താഴെരിക്കും
മുണ്ടകൻ പാടത്തെ നാതാൻ കുഞ്ഞേ
കട്ടയുടയുമ്പോളെവിടിരിക്കും?
അച്ഛന്റെ മടിയിരിക്കും ഞാനേ
മുണ്ടകൻ പാടത്തെ നാതാൻ കുഞ്ഞേ
അച്ഛനോ പോയാലെവിടെയിരിക്കും?
അമ്മയുടെ മടിയിലിരുന്നുറങ്ങും
മുണ്ടകൻ പാടത്തെ നാതാൻ കുഞ്ഞേ
അമ്മയും പോയാലെവിടെയിരിക്കും?
ആങ്ങളേടെ മടിയിലിരുന്നുറങ്ങും
മുണ്ടകൻ പാടത്തെ നാതാൻ കുഞ്ഞേ
ആങ്ങളേം പോയാലെവിടെയിരിക്കും?
നാത്തൂന്റെ മടിയിലിരുന്നുറങ്ങും
മുണ്ടകൻ പാടത്തെ നാതാൻ കുഞ്ഞേ
നാത്തൂനും പോയാലെവിടെയിരിക്കും?

AFEEFA THASNIM – IX A

# നീയോടീ നാളെപ്പൊറുക്കിണത്?

അരിയരിക്കുമ്പോ പിറുപിറുക്കണെ
നീയോടീ നാളെപ്പൊറുക്കിണത്?
കാടൻ കരയുമ്പം ഉറിയിക്കേറുന്ന
നീയോടീ നാളെപ്പൊറുക്കിണത്?
കിടുകിടുക്കുമ്പം കൂടും കൊണ്ടോടുന്ന
നീയോടീ നാളെപ്പൊറുക്കിണത്?
മാനം കറുക്കുമ്പം ചൂട്ടും കൊണ്ടോടുന്ന
നീയോടീ നാളെപ്പൊറുക്കിണത്?
കിളിക്കരയുമ്പം തോളത്തുതൊത്തുന്ന
നീയോടീ നാളെപ്പൊറുക്കിണത്?
കാറ്റടിക്കുമ്പം കതകടയ്ക്കുന്ന
നീയോടീ നാളെപ്പൊറുക്കിണത്?

**NOYAL MATHEW – X E**

# കല്ലേലിരക്കുന്ന ഞണ്ടേ....

തൈതിനം താരോ.....തൈതിനം താരോ
തൈതിനം തൈതിനം  തൈതാരോ
കല്ലേലിരിക്കുന്ന കല്ലോരി ഞണ്ടേ
കല്ലേന്നങ്ങപ്പുറം മാറീരിഞണ്ടേ
തൈതിനം താരോ.....തൈതിനം താരോ
തൈതിനം തൈതിനം തൈതാരോ....
കലേലിക്കണ്ടത്തിലാളിറങ്ങട്ടെ
കല്ലേന്നങ്ങപ്പുറം മാറീരി ഞണ്ടേASHIN JOHN SOJAN-IX C

**ASHIN JOHN SOJAN-IX C**

# ചോദ്യങ്ങൾ അവസാനിക്കു ന്നില്ല

അവൻ തന്റെ കണ്ണുകളിലേക്ക് നോക്കി വിണ്ടു - കീറി ദാഹജലത്തിനായി കേഴുന്ന മണ്ണിനെ തന്റെ കൈ പ്രതിഫലിപ്പിക്കുന്നുണ്ടോ.... ഒരു പക്ഷെ ഉണ്ടായിരിക്കാം.

അച്ഛൻ മരിച്ചതിനുശേഷം ഒരു കുടുംബത്തിന്റെ ഭാരം മുഴുവൻ ഒറ്റയ്ക്ക് ചുമക്കുന്നവനല്ലേ താൻ. ആ ഭാരത്തെ താങ്ങി നിർത്താൻ തന്റെ കൈകൾ വല്ലാതെ അദ്ധ്വാനിക്ക ു-
ന്നുണ്ട്. പെട്ടെന്നാണ് വിളിയെത്തിയത്."രാമ ൂ,സഹിക്കാൻ
ആവുന്നില്ല ഈ വേദന. ആശുപത്രിവരെ ഒന്നു...." തന്റെ
ചിന്തകൾക്ക് കടിഞ്ഞാൺ ഇട്ടുകൊണ്ട് അമ്മയുടെ വിളിയെത്തി. മറുപടി കൊടുത്തില്ല. വാക്കുകൾ മറന്നത ു-
പോലെ. ഭാഷ മറന്നതുപോലെ നിശബ്ദനായിരുന്നു. മകന്റെ നിശബ്ദതയിൽനിന്ന് ഉത്തരം കിട്ടിയ പിന്നെ ചോദിച്ചതുമില്ല. അറിയാം, ജീവൻ പോണ വേദനയാണ് അമ്മ സഹിക്കുന്നതെന്ന്. പക്ഷെ എന്തുചെയ്യും, കൈയ്യിൽ ഒരു തുട്ട് പോലുമില്ല. പാറമടയിൽ നിന്ന് കിട്ടുന്ന തുച്ഛമായ കൂലി കൊണ്ട് ജീവിതം മുന്നോട്ട് പോകുന്നുവെന്നേയുള്ളൂ. പാറപൊട്ടിക്കാൻ ആയുധം കൈയ്യിലെടുക്കുമ്പോൾ നിറയെ ഭയമാണ്.... അച്ഛന്

സംഭവിച്ചതുപോലെ.... വിശപ്പു സഹിക്കാൻ പറ്റാത്തതു-
കൊണ്ടാ, ശരീരവും മനസ്സും മറന്ന് പണിയെടുക്കുന്നത്.
പാറമടയിലെ ഘോരശബ്ദങ്ങൾ തന്റെ വീട്ടിൽ തളം
കെട്ടി
നിൽക്കുന്നതുപോലെ. ആരോടെങ്കിലും കടം വാങ്ങിച്ച്
അമ്മയെ നാളെ ആശുപത്രിയിൽ കൊണ്ടുപോകണം.
അച്ഛനുണ്ടായിരുന്നെങ്കിൽ, തന്നെ നെഞ്ചോട്
ചേർക്കുമായിരുന്നു. തനിക്ക് തണലായി താങ്ങായി
ഉണ്ടാകുമായിരുന്നു. വെയിലായ വെയ്ലെല്ലാം കൊണ്ട്
തണൽ മരമാണ് അച്ഛൻ. അച്ഛന്റെ കൈകൾ
കാണുമ്പോൾ കണ്ണീരു വരുമായിരുന്നു. വിണ്ടുകീറി
വിണ്ടുകീറി ഇനി വിണ്ടുകീറാൻ ഒരു ഇടം പോലും
ബാക്കിയില്ലായിരുന്നു. വിണ്ടുകീറിയ കൈകളാണെങ്കില
ും
അച്ഛന്റെ തലോടലുകൾ പൂവ് പോലെ മൃദുലമായിരുന്ന
ു.
സ്നേഹത്തിന്റെ ആഴം ആ തലോടലിൽനിന്ന്
മനസ്സിലാക്കാമായിരുന്നു. അവസാനം വെള്ളപൊതിഞ്ഞ
തന്റെ അച്ഛന്റെ ശരീരം. അച്ഛന്റെ കൈകൾക്ക് അന്ന്
തണുപ്പു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അച്ഛന്റെ ചിത
കത്തിയെരിയുമ്പോൾ തന്റെ മനസ്സും കത്തിയെരിയുന്ന
ു-
ണ്ടായിരുന്നു. ഏതോ ഒരു ചിന്തയുടെ ആലസ്യത്തിൽ
താൻ ഉറക്കത്തിലേക്ക് വഴുതിവീണു. പിറ്റേന്ന്

അതിരാവിലെ തന്നെ പാറമടയിലേക്ക് പോയി. "മു
തലാളി
കുറച്ചു പണംല കടമായിട്ടുവേണം." "അതിനെന്താ
തന്നേക്കാം." മുതലാളി തന്റെ പരുക്കൻ ശബ്ദത്തിൽ
മറുപടി പറഞ്ഞു.

"ഇന്ന് എന്തോ പണിയെടുക്കുമ്പോൾ തന്റെ
ഹൃദയത്തെ കാർന്നു തിന്നുന്ന ആ ഭയമില്ല.
ജീവിക്കാനൊരു ആഗ്രഹം പോലെ. എന്താണാവോ
കാരണം, അറിയില്ല. ഉച്ചയ്ക്കത്തെ ഭക്ഷണം കഴിഞ്ഞു.
വിശ്രമിക്കാൻ തോന്നുന്നില്ല. കാതുകളിൽ അച്ഛന്റെ
സ്വരം
പ്രതിധ്വനിക്കുന്നു. പെട്ടെന്ന് കാൽ വഴുതിപോയി....
വീണത് പാറകൂട്ടങ്ങളുടെ നടുവിലേക്ക്. പാറമടയിലെ
ജോലിക്കാർ കൂട്ടമായെത്തി രാമുവിനെ ആശു
പത്രിയിലെ-
ത്തിച്ചു. പക്ഷെ അപ്പോഴേക്കും മരണം രാമുവിനെ
കൂട്ടിക്കൊണ്ടു പോയി. ഈശ്വരാ....വിധി അച്ഛനെ
പോലെ
മകനും. ഈ വാർത്ത രാമുവിന്റെ അമ്മ അറിഞ്ഞു.
ദൈവമേ.... എന്റെ കുട്ടി, ഇനി ഞാൻ എന്തിനാ
ജീവിക്കണത് ? ആ മാതൃഹൃദയത്തിന്റെ തേങ്ങൽ ഏഴ്
ഉലകങ്ങൾ പ്രതിധ്വനിച്ചു. ആ അമ്മ ഇനിയൊരു ചോദ്യ

ചിഹ്നമാണ്. ഉത്തരങ്ങളില്ലാത്ത ചോദ്യ ചിഹ്നം. തന്റെ മകൻ ചിതകത്തിയെരിഞ്ഞു തീർന്നു. എന്നാൽ അമ്മ ഇനിയും കത്തിയെരിയുകയാണ്. തീയേക്കാൾ നൂറിരട്ടി പൊള്ളിക്കുന്ന മാതൃത്വം എന്ന കൊടും അഗ്നിയുടെ ശക്തിയാൽ.

ഇനി ആ അമ്മയുടെ ജീവിതം എന്ന ഒരു ചോദ്യം
മാത്രം അവശേഷിക്കുന്നു.

**ALDRIN SAM BIJU -IXC**

# ചിലച്ചിലകൾ

ദിവസേന അപ്പച്ചൻ വലിക്കുന്ന ബീഡികളുടെ എണ്ണം
കൂടിവരുന്ന അമ്മച്ചിയുടെ സീരിയലുകളുടെ എണ്ണം
രണ്ടിൽ നിന്നും മൂന്നായി ടീവിയിൽ ഊർമിളാദേവിയും
പത്മിനിയമ്മ തകർത്താടികൊണ്ടിരിക്കുകയാണ്
നീനയുടെ കാപ്പിപ്പൊടി കണ്ണുകൾ എന്തിനേയോ
പരതികൊണ്ടിരിക്കുന്നു

അവൾക്ക് ഒരുപാട് ചോദ്യങ്ങൾ ഉണ്ട്
ഉരുൾപൊട്ടലുണ്ടാകുന്നതെങ്ങനെ ബർമുഡാ
ത്രികോണത്തിന്റെ രഹസ്യമെന്ത് ? ഇങ്ങനെയുള്ള
അന്താരാഷ്ട്ര ചോദ്യങ്ങളൊന്നുമല്ല.
ദിലീപിന്റെ മകളുടെ പേരെന്ത് ? ബാഹുബലിയും
ദേവസേനയും ശരിക്കും കെട്ടാൻ പോവുകയാണോ ?
ഇങ്ങനെയുള്ള വാട്സ്ആപ്പ് ചളികളുമല്ല.

അവളുടെ ചോദ്യങ്ങൾ ചില വാക്കുകളാണ്.....
ചില നോട്ടങ്ങളാണ്......ചില സപർശനങ്ങളാണ്......

സ്കൂളിൽ പോകുമ്പോൾ തനിക്കുനേരെ
വഴിനീളെ ഉണ്ടാകുന്ന ചില നോട്ടങ്ങളേയും വാക്കു
കളേയുമാണ് അവൾ മനസ്സിൽ ചോദ്യം ചെയ്യുന്നത്.
ബസിൽ കയറുമ്പോഴുണ്ടാകുന്ന ചില
സ്പർശനങ്ങളെയാണ് അവൾ ചോദ്യം ചെയ്യുന്നത് .
എന്തുകൊണ്ടാണ് തന്റെ അനിയൻ ബോബിക്ക്
ഇങ്ങനെയൊന്നും ഉണ്ടാകാത്തത്?

പിറ്റേന്നു രാവിലെ അവൾ സ്കൂളിൽ പോകാൻ

തയ്യാറായി. തന്റെ ചോദ്യങ്ങൾക്കെല്ലാം ഇന്ന് ഉത്തരം കണ്ടെത്തണം. വാട്സാപ്പിൽ സ്റ്റാറ്റസിട്ട് പോസിറ്റീവ് റിപ്ലെ കിട്ടുമ്പോഴുണ്ടാകുന്ന സന്തോഷം അവൾക്കുണ്ടായി.

വഴിനീളെ തന്റെ നേരെയുണ്ടായ നോട്ടങ്ങളെയെല്ലാം മനസിൽ കൊഞ്ഞനം കുത്തികൊണ്ട് അവൾ സ്കൂളിലെത്തി. സ്കൂളിലത്തിയപ്പോൾ കൂട്ടുകാർക്കെല്ലാം ഭയകര സന്തോഷം.

"പയ്യനൂരിൽ ഒരു ചേച്ചിയെ മൂന്ന് ചേട്ടൻമാർ ചേർന്ന് കൊന്നെന്ന്. പീഡനമാണെന്നാ പറയുന്നത്.അതു കൊണ്ട് ഇന്ന് പഠിപ്പുമുടക്കി സമരമാ".

തന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം കിട്ടുന്നതുപോലെ അവൾക്കു തോന്നി.

നടുക്കൊരു ഇറച്ചി കഷണം വച്ച് അത് തിന്നാൻ കാത്തിരിക്കുന്ന തെരുവുനായിക്കളെ അവൾ സ്വപ്നം കാണാൻ തുടങ്ങി.

നിർഭയ,ജിഷ,സൗമ്യ..... ഈ നീണ്ട ലിസ്റ്റിൽ തന്റെ പേരും ചേർക്കപ്പെടുമോ എന്ന ഭയം അവളെ അലട്ടാൻ തുടങ്ങി.

തന്നിലെ സ്ത്രീത്വത്തെ അവൾ തിരച്ചറിഞ്ഞു.

കുട്ടുക്കാർ"കാപ്പിപൊടി കണ്ണുകൾ" എന്നു വിളിക്കുന്ന അവളുട കണ്ണുകൾ എവിടെയാണ് കഴുകൻ കണ്ണുകൾ ഇല്ലാത്തതെന്ന് അന്വഷിച്ചുകൊണ്ടിരുന്നു.

ടി.വി യിൽ 'ലൂസിഫർ' വന്നതും 'ഉണ്ട' വന്നതും അവൾ അറിഞ്ഞില്ല. അവൾ ഒരുപാട് ചിത്രങ്ങൾ വരച്ചു. അവളുടെ ചിത്രങ്ങളിൽ തെരുവുനായ്ക്കൾ നിറഞ്ഞു നിന്നു. അതിൽ നിന്നും ഒന്നെടുത്ത് കീറികൊണ്ട് അവൾ സ്വയം മന്ത്രിച്ചു.

“ചില വാക്കുകൾ, ചില നോട്ടങ്ങൾ,ചില സ്പർശനങ്ങൾ........ഇവ എന്റെ ചോദ്യങ്ങൾ പോലെയാണ്.......ഇവയ്ക്കും അവസാനമില്ല.”

ദിവസേന അപ്പച്ചൻ വലിക്കുന്ന ബീഡികളുടെ എണ്ണം കൂടിവന്നു.....അമ്മച്ചിയുടെ സീരിയലുകളുടെ എണ്ണം നാലായി.....നീനയുടെ കാപ്പിപൊടി കണ്ണുകൾ എന്തിനേയോ പരതികൊണ്ടിരിക്കുന്നു......

**NIDHI ROSE- IXA**

# പഴഞ്ചൊല്ലുകൾ

1) അകത്തുകത്തിയും പുറത്തു പത്തിയും.

2) അകലത്തെ ബന്ധുവിനെക്കാൾ അരികത്തെ ശത്രുവാണ് നല്ലത്.

3) അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല.

4) അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.

5)അച്ഛിക്ക് കൊഞ്ചുപക്ഷം നായർക്ക് ഇഞ്ചിപക്ഷം.

6) അഞ്ചിലറിഞ്ഞില്ലെങ്കിൽ അമ്പതില്ലറിയും.

7) അഞ്ചുവിരലും ഒരുപോലല്ല.

8) അടയ്ക്ക മടിയിൽ വെയ്ക്കാം,
അടയ്ക്കമരമ്മായാലോ?

9) അടുത്തുനിൽപോൻ മല കാണതില്ല.

10) അടിതെറ്റിയാൽ ആനയും വീഴും.



www.PageBorders.net

11) അടിയിരിക്കുന്നിടത്തു ചെകിടു കാണിക്കരുത്.
12) അടുക്കളപിണക്കം അടക്കി വയ്ക്കണം.

13) അടുത്തവനെ കെടുത്തരുത്.

14) അടുത്താൽ നക്കിക്കൊല്ലും അകന്നാൽ ഞെക്കിക്കൊല്ലും.

15) അണ്ണാൻ കുഞ്ഞും തന്നാലായത്.

16) അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ.

17) അതിമോഹം കുടികെടുത്തും.

18) അധികമായാൽ അമൃതും വിഷം.

19) അഴകുള്ള ചക്കയിൽ ചുളയില്ല.

20) അലസന്റെ തല പിശാചിന്റെ പണിശാല.

21) അറയിലാടീട്ടേ അരങ്ങത്താടാവൂ.

22) ആലിൻകായ് പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്.



www.PageBorders.net

23) ആറിയ കഞ്ഞി പഴങ്കഞ്ഞി.
24) ആർക്കാനുംവേണ്ടി ഓക്കാനിക്കുക.

25) ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.

26) ഇടിവെട്ടിയവനെ പാമ്പുകടിച്ചു.

27) ഇരിക്കും മുമ്പേ കാൽ നീട്ടരുത്.

28) അർധം താന് അർധം ദൈവം.

29) ആനയ്ക്ക് തടി ഭാരം,ഉറുമ്പിന് അരി ഭാരം.

30) ഇരിക്കുന്ന കൊമ്പിന്റെ കട മുറിക്കരുത്.

31) ഇരുമ്പും തൊഴിലും ഇരിക്കെ കെടും.

32) ഇത്തിൾ പിടിച്ച മരം കെടും.

33) ഇറക്കമുണ്ടെങ്കിൽ ഏറ്റവുമുണ്ട്.

34) ഒരു കോഴി കൂവിയാൽ നേരം പുലരില്ല.

35) ഉണ്ട ചോറ്റിൽ കല്ലിടരുത്.



www.PageBorders.net

36) വിത്തു ഗുണം പത്ത് ഗുണം.

37) വാലുമൂത്ത കുരങ്ങനുണ്ടോ കളിപഠിക്കുന്നു.

38) വാളെടുത്തവരെല്ലാം വെളിച്ചപ്പാടല്ല.

39) മൊഴി പഴകിയാൽ പതിരുണ്ടാകില്ല.

40) മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

41) മടിയൻ മല ചുമക്കും.

42) നാടു മറന്നാലും മൂട് മറക്കരുത്.

43) നാടോടുമ്പോൾ നടുവേ ഓടണം.

44) തലയ്ക്കുമീതെ വെള്ളം വന്നാൽ അതുക്കു മീതെ വെള്ളം.

45) തീയില്ലാതെ പുകയില്ല.

46) തേടിയ വള്ളി കാല്ലിൽ ചുറ്റി.



www.PageBorders.net

47) തേവുന്നവൻ തന്നെ തിരിക്കണം.
48) തോൽവിയാണ് വിജയത്തിന്റെ നാന്ദി.

49) നാക്കു നന്നെങ്കിൽ നാടടക്കാം.

50) നനഞ്ഞിടം കുഴിക്കരുത്.

51) നഞ്ചെന്തിനു നന്നാഴി.

52) തനിക്കു താനും പുരയ്ക്ക് തൂണും.

53) ചിരട്ടയിലെ വെള്ളം എറുമ്പിന് സമുദ്രം.

54) ചത്ത കുട്ടിയുടെ ജാതകം നോക്കുക.

55) ക്ഷണിക്കാതെ ചെന്നാൽ ഉണ്ണാതെ പോരാം.

56) ചത്തതു കീചകനെങ്കിൽ കൊന്നത് ഭീമൻതന്നെ.

57) ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.

58) കൊക്കിന് വെച്ചത് ചക്കിന് പറ്റി.

59) കൈയൂക്കുള്ളവൻ കാര്യക്കാരൻ.

60) ചതയില്ലാത്തിടത്ത് കത്തി വെയ്ക്കരുത്

61) ഗതികെട്ടാൽ പുലി പുല്ലും തിന്നും.

62) തടവാൻ ആളുണ്ടെങ്കിൽ തളർച്ചയുമുണ്ട്.

63) കൊന്നാൽ പാപം തിന്നാൽ തീരും.

64) കോരിയ കിണറ്റിലേ ഉറവുള്ളു.

65) കലത്തിലുണ്ടെങ്കിലേ കൈയ്യിൽ വരൂ.

66) കാക്ക കുളിച്ചാൽ കൊക്കാകുമോ.

67) കണ്ടറിയാത്തവൻ കൊണ്ടറിയും.

68) കടല്ലിൽ ചെന്നാലും നായ ലക്കിയെ കുടിക്കൂ.

69) കക്കാൻ പഠിച്ചാൽ നിൽക്കാനും പഠിക്കണം.

70) ആടുകിടന്നിടത് പൂടകാണും.

71) ആദ്യം ചെല്ലുന്നവൻ അപ്പം നേടും.



www.PageBorders.net

72) ആനകൊടുത്താലും ആശ കൊടുക്കരുത്.

73) ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?

74) ഉത്തരം മുട്ടുമ്പോൾ കൊഞ്ചനം കുത്തും.

75) ഉപ്പു തിന്നവൻ വെള്ളം കുടിക്കും.

76) ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം.

77) ഉയരത്തിൽ നിൽക്കുന്നവന് ഊക്കിൽ വീഴും.

78) ഉള്ളതുകൊണ്ട് ഓണം.

79) ഉള്ളിലുള്ളത് കണ്ണിലറിയാം.

80) എത്താത്ത മുന്തരിങ്ങ പുളിക്കും.

81) എഴുതാപ്പുറം വായിക്കരുത്.

82) ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും.

83) ഏറെക്കറന്നാൽ ചോര.



www.PageBorders.net

84) ഏട്ടിലെ പശു പുല്ലു തിന്നില്ല.

85) ഏറെ ചിത്രം ഓട്ടപ്പാത്രം.

86) ഏറ്റി വിട്ടിട്ട് ഏണി വലിക്കുക.

87) ഒന്നിൽ പിഴച്ചാൽ മൂന്ന്.

88) ഒരു കടയിൽ രണ്ട് കച്ചോടം.

89) ഒരു കുന്നിന് ഒരു കുഴി.

90) ഒരുമ തന്നെ പെരുമ.

91) സദ്യ മറന്നാലും പട്ടിണി മറക്കില്ല.

92) സ്വരം വന്നപ്പോഴേ പാട്ടു നിർത്തണം.

93) ശ്രമം കൊണ്ട് ശ്രീമാനാകാം.

94) ശങ്ക വിഷം.

95) സങ്കടേ രക്ഷിക്കുന്ന മാനുഷ്യനല്ലോ ബന്ധു.



www.PageBorders.net

96) വെപ്പിന്റെ ഗുണം തീറ്റയിലറിയാം.

97) വിദ്യാനം സർവ്വധനാൽ പ്രധാനം.

98) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

99) വേലി ചാടുന്ന പയ്യിന് കോലുകൊണ്ട് തല്ല്.

100) രോഗിക്കേ ചികിത്സവേണ്ടൂ.

101) മനനം വിദ്വാന് ദൂഷണം.

102) യഥാശക്തി മഹാബലം.

103) രണ്ടു വഞ്ചിയിൽ കാലിടുക.

104) വടികൊടുത്ത് അടിവാങ്ങരുത്.

Compiled by :
**ANCIL BAIJU & MUHAMED ASIF**



www.PageBorders.net

# ഉയരാൻ നാളെക്കായ്

പുതിയ കേരളം : തുടർച്ചയായ രണ്ട് വർഷം മഹാപ്രളയം അഭിമുഖീകരിച്ചകേരളത്തിൻെറ നവനിർമ്മിതി ദുഷ്കരവും അതോടൊപ്പം തന്നെഎളുപ്പവുമാണ്.നവകേരളനിർമ്മിതിയിൽ വിവിധ സന്നദ്ധ സംഘടനകൾ തങ്ങളുടെ കഴിവതും സഹായിക്കുന്നുണ്ട്. പ്രളയവിമുക്ത നവകേരളസൃഷ്ടിപ്പിലെ ഏറ്റവും വലിയ ഒരു വെല്ലുവിളിയാണ് പ്രകൃതി ചൂഷണം തുടർച്ചയായി രണ്ട് വർഷം മഹാപ്രളയം നേരിട്ടപ്പോഴും പഠിക്കാതെ അനധികൃത കേട്ടിട നിര്മ്മാണവും കരിക്കല്ല കാറിക്കളുടെ പ്രവർത്തനവുമെല്ലാം ഇപ്പോഴും സജീവംമാണ്

അനധികൃതമായ കേട്ടിടനിർമ്മാണം ഇന്നത്തെ കാലത്ത് പ്രകൃതിയെ ഏറ്റവും ദോഷകരമോയി ബാധിക്കുന്നതാണ്. തീരദേശങ്ങളും കുന്നിൻ ചരിവുകളുമെല്ലാം കയ്യേറിയുള്ള അനധികൃത കെട്ടിട നിർമ്മാണമാണ് ഈ തരത്തിൽ പ്രളയം നേരിടാനിടയായ ഒരു സാഹചര്യം.
കഴിഞ്ഞ പ്രളയത്തിൽ നിരവധി സ്ഥലങ്ങൾ

ഒറ്റപ്പെട്ടുപോവുകയും വാസയോഗ്യമായ സ്ഥലങ്ങൾ നശിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണത്തെ ഇത് സാരമായ രീതിയിൽ ബാധിരക്കുന്നുണ്ട് നിരവധി റോഡുകൾ മണ്ണിനോട് ചേർന്ന് ഇല്ലാതായതും തോടുകളിലേക്കും പുഴകളിലേക്കും ചരിഞ്ഞ് വീണ് ഇല്ലാതായതുമെല്ലാം റോഡ് പുനർനിർമ്മാണത്തെ സാരമായി ബാധിക്കുന്നുണ്ട്

കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളുടെ മാന്ദ്യവും നവകേരളനിർമ്മാളത്തിലെ വലിയ വെല്ലിവിളിയാണ്. പുനർനിർമ്മാണം യാതൊരു വിധേനയും നടക്കാത്ത രീതിയിൽ നശിച്ച് പോയ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ തുടങ്ങിയവയിടെ പുനർനിർമ്മാണവും സർക്കാരിനെ കുഴയ്ക്കുന്ന പ്രശ്നങ്ങളാണ്

സാത്തിക മാന്ദവും ഉത്പ്പാദനക്കുറവുംവിലക്കയറ്റവും നവകേരള നിർമ്മാണത്തെ ബാധിക്കുന്നതാണ്. അവശ്യസാധനങ്ങളുടെ ഉയർന്ന തോതിലുള്ള വിലക്കയറ്റം വലിയ പ്രശ്നമാണ് . അവശ്യസാധനങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിലൂടെ ഉയർന്ന വിലയിൽ അവകൈപ്പറ്റേണ്ട സാഹചര്യമുണ്ട്. ഇത് സാമ്പത്തിക് മാന്ദ്യതേതിന് കാരണമായി ഉത്പ്പാദനസാമഗ്രികളുടെ അലഭ്യത ഉത്പ്പാദനത്തെ അതിസാരമായി

ബാധിച്ചിട്ടുണ്ട് അത് കൊണ്ട് ഉൽപ്പാദത്തിലെ ക്ഷാമം ഉയർന്ന സാമ്പത്തിക മാന്ദ്യത്തിന് കാരണമാണ് . ഉത്പാദനക്കുറവും സാമ്പത്തിക മാന്ദ്യവും ഉയർന്നതോതിലായതോടെ ലഭ്യമായ വസ്തുക്കളുടെ വില ഉയർന്നതോതിൽ വർധിക്കുന്നു. ഇതും നവകേരള നിർമ്മാണത്തിലെ വെല്ലുവിളിയാണ്

പ്രകൃതിചൂഷണങ്ങളെ ചെറുക്കാൻ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് വരുന്ന ഈ കാലത്ത് പ്രകൃതിയെ ചൂഷണം ചെയ്യുന്നവരുവരുടെ എണ്ണത്തിൽ ഒരു കുറവും വരുന്നില്ല എന്നത് ഒരു വസ്തുതയാണ്. പ്രകൃതിചൂഷണത്തിൻെറ ഈ ഉയർന്ന തോതിലുള്ള വർധനവ് നവകേരള നിർമ്മിതിയെ ബാധിക്കുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ്. പ്രളയബാധിതരുടെ എണ്ണത്തിലുള്ള ഉയർന്ന തോതിലുള്ള വർധനവ് നവകേരള നിർമ്മാണത്തെ ബാധിക്കുന്നുണ്ട്ണ

തീരദേശങ്ങളുടെ പരിസരത്തിലുള്ള സ്ഥലങ്ങൾ ഇടിഞ്ഞ് ജലത്തോട് ചേർന്നത് സാമ്പതിക മാന്ദ്യം ഉയർത്തുന്നുണ്ട് പ്രളയബാധിത പ്രദേശങ്ങളിലെ മുഴുവൻ വികസനപ്രവർത്തനങ്ങൾക്കുമായുള്ള ധനത്തിൻെറ ആവശ്യം ഗവൺമെൻറിനെ അലട്ടുന്ന ഒരു പ്രശ്നമാണ്. പൂർണമ്മായി നശിച്ച റോഡുകടെ പുനർനിർ

മ്മാണത്തിന് ഉയർന്ന തോതിലുള്ള ചെലവ് വരുന്നത്

നവകേരള നിർമ്മാണത്തെ ബാധിക്കുന്നുണ്ട്.
പുനർനിർമ്മാണത്തിന് ഉയർന്നതോതിൽ ചെലവ്
വരുന്ന പാലങ്ങൾ കെട്ടിടങ്ങൾ തുടങ്ങിയവയുടെ
നിർമ്മാണത്തിന് ഭീമമായ രീതിയിൽ
ചെലവ് വരുന്നതും നവകേരളനിർമ്മാണത്തെ
ബാധിക്കുന്ന മറ്റൊരു

വെല്ലുവിളിയാണ്.വീടുകൾ നിർമ്മിക്കാൻ ഉയർന്ന
തോതിൽ ധനം
ആവശ്യം വരുന്നത് മുഴുവൻ വീട് നഷ്ടപ്പെട്ടവർക്കും
വീട്

വെച്ചുകൊടുക്കുന്നതിനെ ബാധിക്കുന്നു.

പ്രളയബാധിതർക്കുള്ള നഷ്
ടപരിഹാരമായി
ഭീമമായതും ആവശ്യം വരുന്നതും
നവകേരളനിർമ്മാണത്തെ
ബാധിക്കുന്ന പ്രധാന വെല്ലുവിളികളാണ് നവകേരള
നിർമ്മാണത്തിന്റെ സാധ്യതകൾ വിലയിരുത്തു

കയാണെങ്കിൽ: നിരവധി സന്നദ്ധസംഘടനകളുടെ
കാര്യക്ഷമമായ
പ്രവർത്തനങ്ങളും വ്യത്യസ്ത രീതികളിലുള്ള ചിലവ് കു
റഞ്ഞ
പ്രവർത്തനങ്ങളുമെല്ലാം പരിഗണിക്കണം.

പ്രളയബാധിതർക്ക് വീട് വച്ച്
കൊടുക്കാനും അവശ്യസാധനങ്ങൾ സൗജന്യമായി
വിതരണം
ചെയ്യാനുമെല്ലാം നിരവധി സഹായങ്ങൾ ലഭിക്കുന്നത്
നവ കേരള
പുനർനിർമാണത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.
അടിയന്തരവായ്പ്പകളും മറ്റ് പദ്ധതികളിലൂടെയു
മെല്ലാം ഗവൺമെന്റ് വികസന പുനർനിർമ്മാണ
പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതും നവകേരള
നിർമ്മാണത്തെ സ്വാധീനിക്കുന്ന മറ്റൊരു
ഘടകമാണ്.മറ്റു വിവിധ സംസ്ഥാനങ്ങളും,രാജ്യങ്ങളും,
താരങ്ങളുമെല്ലാം നിരവധി സഹായങ്ങൾ പണമായും
മറ്റമെല്ലാം
നൽകുന്നതും സാധാരണക്കാർക്ക് പ്രചോദനമാകുന്നു
ണ്ട്.പ്രളയ
ബോധവത്ക്കരണത്തിനായി നിരവധി
പ്രവർത്തനങ്ങൾ ഗവൺമെന്റ് കാര്യക്ഷമമായി
നടപ്പിലാക്കി വരുന്നത് നവകേരള
നിർമ്മാണത്തിന്റെ സാധ്യതകളാണ്.
പ്രളയ പുനരധിവാസ
സെസ്സുകളും ചിലവ് കുറഞ്ഞ രീതിയിൽ
നിർമ്മിക്കാനാവുന്ന തരത്തിലുള്ള

വീടുകളും,പാലങ്ങളും ദുരിതാശ്വാസ നിധിയിലേക്ക് ആവശ്യത്തിന്
പണമെത്തുന്നതും പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്ക്
കൂടുതൽ പ്രയോജനമാകുന്നുണ്ട്. പ്രളയത്തെക്കുറിച്ച് കേരളീയരെ
ബോധവാന്മാരാക്കാനുള്ള ഹ്രസ്വചിത്രങ്ങളും സംഗീത ആൽബങ്ങളും നവകേരള നിർമ്മാണത്തെ സ്വാധീനിക്കുന്ന
മറ്റൊരു ഘടകമാണ്. ഇതിലൂടെ നവകേരള നിർമ്മാണപ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങാൻ യുവാക്കൾക്ക്
കൂടുതൽ പ്രചോദനമാവുന്നുണ്ട്. വികസിത രാജ്യങ്ങളുമായുള്ള
കേരളത്തിന്റെ ബന്ധവും

**SNEHA S.J-IX B**

# ***From Marad.....***

*It was the heartbroken*
*hour ,the darkest cotton ball*
*in the blue heaven*
*made me rejoiced!!*
*Being a Pluviophile*
*it was a fortunate*
*stroke of serendipity,*
*to sleep on the*
*motherly lap of rain*

*My Home was just above*
*the earth and below sky*
*the blue crystal lake*
*nearby reflected the*
*waves of peace and the*
*breeze of happiness*
*The black day arrived*
*it stood at the doorstep*
*and made me blue...*

*Everyone told just us*
*to go away*
*a saline river started to*
*flow from the eyes of everyone..*
*the blue lake had became*
*blur and gloomy*
*it was saying something*
*but nobody knows*
*our heaven is going*
*up from us as i go*
*down the stairs*
*my tears was a symbol*
*of dream plucked*
*out from its deep roots*
*finally somehow we*
*were out i felt my*
*dream is waving*
*its hands from up..*
*i saw the reflections*
*of my shadow is*
*sleeping alone*
*somebody shouted*
*loudly: we are from **marad**...*
*it wasn't a house*
*it was my **dream home.....***

**Gokul Dev**


# SOUL OF A RIVER

In narrow path of my flow
I can feel the grieve of my mother
I am origining from the heart of the earth
And flowing through the soul of misery
I am the daughter of a mountain
And the partner of a valley
As a child i was happy to ascend
From the top of joy
But as an adult i am sad
To hear the grieve of earth
I cant borrow the misery of earth
As i have enough trouble of myself
I hunted and wounded
By the valueless human race
I am going to suicide my life
As a revenge to the hunters
The weeping of the soul of a river.

**-JOYAL JOHNY -IXB**

# SPORTS -AN INDISPENSABLE PART OF EDUCATION





True education aims at intellectual, moral and physical development of children. Therefore, education moulds the personality of a student.

Sports and education are correlated as the former awakens the mind and kindles the light of knowledge whereas the latter helps us in shaping our physique. Sports refreshes the tense muscles and nerves and it well help the person to study well

Sports are an emaciated, stunned part of education. The innocence and exuberance that child carries from their cradle to the backyards get crushed. Due to the burdensome curriculum students do not get time to play, run and enjoy. The mind enlarges and the body shrinks and they will get jeopardised. This will lead to a limp and tired generation

According to Aristotle, sports help in creating a sound mind in a sound body. participation in sports is very good to be energetic in life. As a balanced diet contains nourishing constituents in it a well – balanced personality also has desirable traits in right proportion

Sports will help in developing a constructive and healthy attitude towards life. Sports also develops sportsmanship in person's life

Sports chanalize our dormant energies in the right perspective. So sports should be an indispensable of education

A Student entering a playfield after intellectual labour feels free from letters. He / She would be raring from the word 'go' it will be well – prepared and will study well concentration.

EBIN -IXB







# “Smoking and Lung Diseases”




## *(1)Emphysema*

*This disease is caused by inhaling air polluted by industrial gases, smoking etc..*
*it results in the rupture of the alveoli due to the loss of their elasticity. it also reduces the area of respiratory surface of the lungs .it affects the efficiency of the process of respiration.*

## *(2)Bronchitis*

*The tar and carbon monoxide in tobacco smoke gets deposited in the alveoli and causes multiplication of germs. it results in inflammation of the lungs. Cigarette smoke inactivates the cilia in the respiratory tract. This is why mucus is deposited here.*

## *(3)Lung Cancer*

*it affects the tissue coverings of bronchioles in lungs. swellings are formed here. it spreads to*

*other parts of the lungs. the carcinogens in cigarette smoke cause cancer.*

*The carbon monoxide in cigarette smoke has more affinity to haemoglobin than oxygen . This reduces the ability of haemoglobin to transport. Nicotine in tobacco makes people addicted to it. So smoking becomes a habit.*
*Nicotine causes increased pulse rate , clotting of blood in blood vessels and high blood pressure. Mild smoking also affects the performance of athletes. Nicotine constructs the bronchioles thereby reduce the flow of air through them.*

# ***(4)Smoking and chronic obstructive pulmonary disease (COPD)***

*COPD rapidly becoming a global public health crisis with smoking being recognised as its most important causative factor. The most effective available treatment for COPD is smoking cessation. There is a mounting evidence that the rate of progression of COPD can be*

*reduced when patients at risk of developing the disease stop smoking,*

*while lifelong smokers have a 50% probability of developing COPD during their lifetime.*

*More significantly, there is also evidence that the risk of developing COPD falls half by smoking cessation. Pharmacological interventions now exist to aid smokers in*

*cessation; these include nicotine replacement therapy, bupropion, and varenicline.*

## *(5) heart attack*

*Smokers are almost twice likely to have a heart attack compared with people who have never smoked. Smoking increases the risk of developing cardiovascular diseases, which includes coronary heart disease and stroke.*

*Smoking damages the lining of our arteries, leading to build up of fatty material which narrows the artery. This can cause angina, a heart attack stroke. The carbon monoxide in tobacco smoke reduces the amount of oxygen in your blood. this means our heart has to pump*

*harder to supply the body with the oxygen it needs.*

## *“Stopping smoking is the single best thing you can do for your lungs and respiratory system”*




ALANA ROSE -IXA


thank you